# കേരള സർവകലാശാല

നം.പി.ആർ.258/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പി.ജി (സെമസ്റ്റർ)

ഡിസംബർ 6 ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.കോം പരീക്ഷ ഡിസംബർ 30 ലേക്ക് മാറ്റിയിരിക്കുന്നു. ശിവഗിരി തീർത്ഥാടനം പരിഗണിച്ച് ചെമ്പഴന്തി എസ്.എൻ.ജി.സി.എ.എസ് കോളേജ് സെന്ററായുള്ള വിദ്യാർത്ഥികൾ ഈ പരീക്ഷ തിരുവനന്തപുരം ആർട്സ് കോളേജിൽ എഴുതേണ്ടതാണ്. ഡിസംബർ 30 മുതൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ (റെഗുലർ/സപ്ലിമെന്ററി) എം.എ/എം.എസ്.സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.എ.എച്ച്.ആർ.എം/എം.എം.സി.ജി പരീക്ഷകൾ 2020 ജനുവരി 3 മുതൽ ആരംഭിക്കുന്നതാണ്. നാലാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.എ.എച്ച്.ആർ.എം/എം.എം.സി.ജെ ക്ലാസുകൾ ജനുവരി 16 മുതൽ ആരംഭിക്കുന്നതാണ്.

### ടീച്ചിംഗ് പ്രാക്ടീസ്

2019 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എൽ പരീക്ഷകളുടെ ഭാഗമായുള്ള ടീച്ചിംഗ് പ്രാക്ടീസ് 2020 ജനുവരി 8 ന് കേരള ലോ അക്കാദമിൽ വെച്ച് രാവിലെ 9 മുതൽ നടത്തുന്നതാണ്. 2019 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകളുടെ ഭാഗമായുള്ള ടീച്ചിംഗ് പ്രാക്ടീസ് 2020 ജനുവരി 1 ന് ഗവൺമെന്റ് ലോ കോളേജ്, തിരുവനന്തപുരം, ശ്രീനാരായണ ഗുരു കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ് (കൊല്ലം) എന്നീ കോളേജുകളിൽ ടീച്ചിംഗ് പ്രാക്ടീസ് ചെയ്യാനുള്ള വിദ്യാർത്ഥികൾ ഗവൺമെന്റ് ലോ കോളേജ്, തിരുവനന്തപുരം, ജനുവരി 3 ന് മാർഗ്രിഗോറിയസ് കോളേജ് ഓഫ് ലോ, ജനുവരി 6, 7 തീയതികളിൽ കേരള ലോ അക്കാദമി, തിരുവനന്തപുരം എന്നീ സെന്ററുകളിൽ വെച്ച് രാവിലെ 9 മണി മുതൽ നടത്തുന്നതാണ്.

### ടൈംടേബിൾ

ഡിസംബർ 17, 19 തീയതികളിൽ ആരംഭിക്കുന്ന കമ്പൈൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് ഡിഗ്രി സപ്ലിമെന്ററി ഡിസംബർ 2019 (2008 & 2013 സ്കീം) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി 2008 സ്കീം (സപ്ലിമെന്ററി) മേയ് 2019 ന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഡിസംബർ 16 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 ഡിസംബർ 31 ന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.ബി.എ (വിദൂരവിദ്യാഭ്യാസം – 2018 അഡ്മിഷൻ) പരീക്ഷകൾക്ക് ഡിസംബർ 9 മുതൽ ഓൺലൈനായി അപേക്ഷിക്കാം. പിഴ കൂടാതെ ഡിസംബർ 12 വരെയും 150 രൂപ പിഴയോടെ ഡിസംബർ 16 വരെയും 400 രൂപ പിഴയോടെ ഡിസംബർ 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ദേശീയ ശിൽപശാല

സർവകലാശാല രസതന്ത്രവകുപ്പിന്റേയും മുംബൈ ഭാഭ അറ്റോമിക് റിസർച്ച് സെന്ററിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ റേഡിയോ കെമിസ്ട്രി ആന്റ് ആപ്ലിക്കേഷൻസ് ഓഫ് റേഡിയോ ഐസോടോപ്പ്സ് എന്ന വിഷയത്തിൽ ദേശീയ ശിൽപശാല സംഘടിപ്പിക്കുന്നു. ഡിസംബർ 9 മുതൽ 14 വരെ കാര്യവട്ടം രസതന്ത്ര വിഭാഗത്തിൽ വെച്ച് നടത്തപ്പെടുന്ന ശിൽപശാല 9 ന് രാവിലെ 9 മണിക്ക് സർവകലാശാല വൈസ് ചാൻസലർ ഡോ.വി.പി. മഹാദേവൻപിള്ള ഉത്ഘാടനം ചെയ്യും. ആറു ദിവസം നീണ്ടു നിൽക്കുന്ന ശിൽപശാലയിൽ ബാർക്കിലെ പ്രഗൽഭരായ ശാസ്ത്രജ്ഞർ നയിക്കുന്ന ക്ലാസുകൾക്ക് ഒപ്പം ഗവേഷകർക്കും അദ്ധ്യാപകർക്കും റേഡിയോ ഐസോടോപ്പുകൾ കൈകാര്യം ചെയ്യുന്നതിലുള്ള പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

## തീയതി നീട്ടി

സർവകലാശാലയിലെ ലൈബ്രറി ആന്റ് ഇൻഫർമേഷൻ വിഭാഗത്തിൽ കരാറടിസ്ഥാനത്തിൽ അദ്ധ്യാപക തസ്തികയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ഡിസംബർ 26 വരെ നീട്ടിയിരിക്കുന്നു.

തിരുവനന്തപുരം,

05.12.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098